MR. MOHAMMED MUSTAFA : ഈ ചോദ്യത്തിന് വിധേയനായ ഉദ്യോഗസ്ഥനെ സംബന്ധിച്ചു് ഫെർവ്വ ഫെബ്രുവരി സുചീന്ദ്രം ഗവണ്മെൻറ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഗവണ്മെൻറ് ഓർഡർ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

HON'BLE MR. A. J. JOHN : ഉണ്ടു്.

MR. MOHAMMED MUSTAFA : ആ ഗവണ്മെൻറ്ഓർഡർ അദ്ദേഹത്തിന്റെ പുതിയ നിയമനത്തിനു് ബാധകമാണെന്നു് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. J. JOHN : ആ സംഗതിയെപ്പറ്റി ആലോചിക്കുന്നതായിരിക്കും. മി. മഹമ്മദിന്റെ റെപ്രസന്റേഷൻ അവസാനമായി തീരുമാനിക്കുമ്പോൾ എല്ലാ കാര്യങ്ങളേപ്പറ്റിയും ആലോചിക്കുന്നതാണു്.

*Enquiry into the conduct of Mr. Rama Varma Raja*

* 17. MR. MOHAMMED MUSTAFA : Will the Hon'ble Minister for Registration be pleased to state :

(*a*) whether there was any enquiry into the conduct of Mr Rama Varma Raja as sub Registrar, Karunagapalli, (Additional)

(*b*) whether any report has been submitted to Government, and

(*c*) if so the action taken by Government ?

HON'BLE MR. A. J. JOHN : (*a*) Yes

(*b*) Yes.

(*c*) The matter is under consideration.

MR. MOHAMMED MUSTAFA: ആ റിപ്പോർട്ടു കിട്ടിയിട്ടു് എത്ര സമയമായി എന്നു പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. A. J. JOHN : ഉദ്ദേശം നാലുമാസമായി.

മിസ്സർ പാർത്ഥസാരഥി അയ്യങ്കാരുടെ കാർ.

18. Miss ACCAMMA CHERIYAN : (*Changanacherry I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) ഫസൽ-ൽ ഇവിടെ ഇൻസ്പെക്ടർ ജനറലായിരുന്ന മി. പാർത്ഥസാരഥി അയ്യങ്കാരുടെ ആവശ്യത്തിനു് ഗവണ്മെൻറിൽ നിന്നും ഒരു പുതിയ കാർ വാങ്ങികൊടുത്തിട്ടുണ്ടോ?

(ബി) പ്രസ്തുത കാർ ആ ഉദ്യോഗസ്ഥൻ ഉദ്യോഗത്തിൽ നിന്നും വിരമിച്ചപ്പോൾ ഗവണ്മെൻറിനെ തിരിച്ചേൽപ്പിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അതിന്റെ വില ഈടാക്കുന്നതിന് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI (എ) ഇല്ല.

(ബി), (സി). എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾക്ക് മറുപടി പറയേണ്ട ആവശ്യമില്ല. എന്നാൽ ഒരു സംഗതി വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീമാൻ പാത്ഥസാരഥി അയ്യങ്കാർക്ക് ഗവണ്മെൻറിൽ നിന്നും ഒരു കാറും വാങ്ങിച്ചു കൊടുത്തിട്ടില്ല. ഫർ ലോ-ൽ അദ്ദേഹത്തിന്റെ സ്വന്തം ചെലവിൽ ഒരു ഡാഡ്ജ് കാർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻസ്പെക്ടർ ജനറലിന് ഗവണ്മെൻറിൽ നിന്നും ഒരു കാർ ഉപയോഗത്തിനു കൊടുക്കുന്ന പതിവുണ്ട്. ആ കാർ ആ ഉദ്യോഗസ്ഥന്റെ ചെലവിൽതന്നെയാണ് നടത്തിക്കൊണ്ടുപോകുന്നത്. അങ്ങനെയുള്ള ഒരു കാർ ഇന്നും ഇൻസ്പെക്ടർ ജനറൽ ഉപയോഗിച്ചുവരുന്നുണ്ട്. അല്ലാതെ ശ്രീ. പാത്ഥസാരഥിഅയ്യങ്കാർക്കു ഗവണ്മെൻറിൽ നിന്നും കാറൊന്നും വാങ്ങി കൊടുത്തിട്ടില്ല.

*Appointment of Mr. Stephen Netto as First Grade District Registrar.*

* 19. MR. P. S. MUHAMMED : Will the Government be pleased to state :

(*a*) whether Government have received any complaint against the appointment of Mr. Stephen Netto as first grade District Registrar; and

(*b*) if so, the nature of the complaint and the action taken by the Government ?

HON'BLE MR. A. J. JOHN : (*a*) Yes.

(*b*) The matter is receiving attention.

## നാളികേരസെസ്സ്.

* 20. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഫാക്ടറിനിയമപ്രകാരമുള്ള കൊപ്രാമില്ലുകളിൽനിന്നുമാത്രം നാളികേരസെസ്സ് ഈടാക്കണമെന്നു നിയമം വ്യവസ്ഥ ചെയ്തിരിക്കെ ഫാക്ടറിനിയമപ്രകാരമുള്ളതല്ലാത്ത ചെറിയ ചെറിയ മില്ലുകളിൽ നിന്നും നിയമരഹിതമായി സെസ്സു ഈടാക്കിവരുന്നതായി ഗവണ്മെൻറിനറിയാമോ ?

(ബി) അങ്ങനെയുള്ള പരാതികൾ ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly